# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.625 — 04/02/2020-ൽ മറുപടിക്ക്


## സൗജന്യവൈദ്യുതി ലഭിക്കാനുള്ള നിബന്ധനകൾ

| | ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.യിൽ നിന്നും സൗജന്യവൈദ്യുതി ലഭിക്കാൻ 30 സെന്റ് ഭൂമി സ്വന്തം പേരിൽ വേണമെന്ന നിബന്ധന കർഷകർക്ക് തിരിച്ചടിയാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ), | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 50 സെന്റ് ഭൂമിയുള്ള കർഷകൻ രണ്ടു മക്കൾക്ക് ഭൂമി വീതിച്ചുനൽകിയാൽ സൗജന്യവൈദ്യുതി ലഭിക്കുന്ന പട്ടികയിൽനിന്നും പുറത്താകുന്ന സ്ഥിതിവിശേഷത്തിനു പരിഹാരം കണ്ടെത്തുമോ; ഇപ്പോൾ സൗജന്യവൈദ്യുതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) | സൗജന്യ കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷി വകുപ്പാണ്. ആയതിനാൽ കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ നൽകി വരുന്നത്. നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കൃഷി വകുപ്പ് നിശ്ചയിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>01.08.1995 മുതൽ ഭൂപരിധിയില്ലാതെ നെൽക്കൃഷിക്കും, 01.04.1997 മുതൽ 2 ഹെക്ടർ വരെയുള്ള കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്കും സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം ഉണ്ട്. പദ്ധതി പ്രകാരം താഴെ പറയുന്ന കർഷകർ ആനുകൂല്യത്തിന് അർഹരാണ്.<br>• 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75% -ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ |

| | | | |
|---|---|---|---|
| | | | • 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ<br>• 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ |
| (സി) | സാങ്കേതികകാരണങ്ങളാൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന രീതിക്ക് അറുതിവരുത്തുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പരിഗണിക്കാതെ ആനുകൂല്യം നിഷേധിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ